**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 624 — 29.11.2018-ലെ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലാ സ്റ്റേഡിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.രാജഗോപാലൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കാസർഗോഡ് ജില്ലയിലെ നടക്കാവിൽ കിഫ്ബി വഴി അനുവദിച്ച ജില്ലാ സ്റ്റേഡിയത്തിന്റെ പണി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | കാസർഗോഡ് ജില്ലാ സ്റ്റേഡിയത്തിന് (എം.ആർ.സി കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം) 16.03.2018-ലെ സ.ഉ(സാധാ)നം.38/2018/ കാ.യു.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് 29.32 കോടിരൂപയുടെ കിഫ്ബി അംഗീകാരവും ലഭ്യമായിട്ടുണ്ട്. സാങ്കേതിക അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1) സ്വാഭാവിക പുൽത്തകിടിയോടു കൂടിയ ഫുട്ബോൾ കളിസ്ഥലം<br>2) അന്താരാഷ്ട്ര നിലവാരത്തിലുള്ള നീന്തൽക്കുളം<br>3) കബഡി കോർട്ട്<br>4) മൂന്ന് നിലകളിലായി ബാസ്കറ്റ് ബോൾ കോർട്ട്, വോളീബോൾ കോർട്ട്, ടെന്നീസ് കോർട്ട്, 3 ബാഡ്മിന്റൺ കോർട്ടുകൾ എന്നീ സൗകര്യങ്ങളോടു കൂടിയ ഇൻഡോർ സ്റ്റേഡിയം<br>5) ജലവിതരണ സംവിധാനം, വൈദ്യുതീകരണം, മഴവെള്ള സംഭരണി മുതലായവ. |
| (ബി) | പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന്റെ ഭരണാനുമതി തുക എത്രയാണെന്നും ആയതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെട്ടതെന്നും വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**